തീരപരിരക്ഷാ സസ്യങ്ങൾ വച്ചുപിടിപ്പിക്കാൻ നടപടി

185 [2623] *ശ്രീ. വി. ഡി. സതീശൻ:*
,, *കെ. സി. ജോസഫ്:*
,, *ജി. കാർത്തികേയൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് എത്ര തുക ഇതുവരെ കിട്ടി;

(ബി) ഈ തുക എന്തെല്ലാം കാര്യത്തിനാണ് വിനിയോഗിക്കാവുന്നതെന്ന് വിശദമാക്കാമോ;

(സി) ഇതുവരെ ഈ തുകയിൽ നിന്നും എന്തു തുക ചെലവഴിച്ചു;

(ഡി) കടവും നദീതീരവും പരിപാലിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടി എന്താണ്;

(ഇ) നദീതീരങ്ങളിൽ തീരപരിരക്ഷാ സസ്യങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം സസ്യങ്ങൾ; ഇത്തരം സസ്യങ്ങൾ വച്ചുപിടിപ്പിക്കാത്ത പക്ഷം അതിനുള്ള നടപടിയെടുക്കുമോ?

ഉത്തരം

(എ) 30-6-2005 വരെ 61,94,78,611 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) 2002-ലെ കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടത്തിൽ ചട്ടം 22(3)ഉം, ഭേദഗതി ചട്ടങ്ങൾപ്രകാരവും റിവർ മാനേജ്മെന്റ് ഫണ്ട് നദീതീരവികസനപദ്ധതികൾ നടപ്പിലാക്കുന്നതിനും നദിയിൽ നിന്ന് മണൽവാരൽ ക്രമീകരിക്കുന്നതിനും അനധികൃത മണൽവാരൽ തടയുന്നതിനുമാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ആയത് ചുവടെ ചേർക്കുന്നു:

(എ) സർക്കാർ അംഗീകരിച്ച നദീതീരവികസനപദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടിവരുന്ന തുകകൾ;

(ബി) 29-ാം വകുപ്പ് അനുസരിച്ച് കാലാകാലങ്ങളിൽ മണലിന്റെ അളവു തിട്ടപ്പെടുത്തുന്നതിന് വേണ്ടിവരുന്ന തുക;

(സി) ജില്ലാ വിദഗ്ദ്ധ സമിതികളുടെ യോഗനടപടികൾക്കും അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത നൽകുന്നതിനും വേണ്ടിവരുന്ന തുക;

(ഡി) ആഡിറ്റ് ഫീസിനുള്ള തുക;

(ഇ) മണൽവാരൽ അനുവദിക്കാത്ത കടവുകൾ അടച്ചുപൂട്ടുന്നതിനും സംരക്ഷണഭിത്തികൾ നിർമ്മിക്കുന്നതിനുമുള്ള ചെലവുകൾ;

(എഫ്) കടവുകളിൽ വാഹനം ഇറങ്ങാത്തവിധം 100 മീറ്റർ അകലത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുമുള്ള ചെലവുകൾ;

(ജി) അനധികൃത മണൽവാരൽ തടയുന്നതിനായുള്ള പെട്രോളിംഗിന് ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധനച്ചെലവുകൾ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെയോ അല്ലെങ്കിൽ സർക്കാർ നിർദ്ദേശിക്കുന്നപ്രകാരമുള്ളതോ ആയ കാര്യങ്ങളുടെ നടത്തിപ്പിനുള്ള ചെലവുകൾ;

(ഇ) (എ) ഒരു കടവിൽനിന്ന് മണൽ കൊണ്ടുപോകുമ്പോൾ നൽകേണ്ടതായ പാസ് അച്ചടിക്കുന്നതിനുള്ള ചെലവുകൾ;

(ഇ) (ബി) 9-ാം ചട്ടത്തിന്റെ (എസ്) ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി ജീവനക്കാരനെ ദിവസവേതനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 120 രൂപവീതം നൽകുന്നതിനുള്ള ചെലവുകൾ;

(സി) 30-6-2005 വരെ 1,66,64,592 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) അനധികൃത മണൽഖനനം, കടത്ത് എന്നിവ തടയുന്നതിന് ജില്ലാതലത്തിലും താലൂക്ക് തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കടവുകളും നദീതീരങ്ങളും ഭിത്തികെട്ടി സംരക്ഷിക്കുന്നതിനും, കുളിക്കടവുകൾ കെട്ടൽ, നദിയോരറോഡുകൾ നന്നാക്കൽ, സസ്യങ്ങൾ വച്ചുപിടിപ്പിക്കൽ തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു.

(ഇ) പത്തനംതിട്ട, കോഴിക്കോട് എന്നീ ജില്ലകളിൽ നദീതീരങ്ങളിൽ തീരപരിരക്ഷാ സസ്യങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഈറ, മുള, അക്കേഷ്യ, ആൽബീസിയ, കാറ്റാടി, മഹാഗണി, മാഞ്ചിയം, തേക്ക്, കമുക്, തെങ്ങ്, മാവ്, കശുമാവ്, യൂക്കാലി തുടങ്ങിയ സസ്യങ്ങളാണ് വച്ചുപിടിപ്പിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ 22 പഞ്ചായത്തുകളിലെ നദികളുടെ തീരങ്ങളിൽ ചെടികൾ വച്ചുപിടിപ്പിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ മൂന്ന് പദ്ധതികൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. മറ്റു ജില്ലകളിലും നടപടികൾ സ്വീകരിച്ചുവരുന്നു.

എം. എൽ. എ. മാരുടെ ഭവന പദ്ധതി

186 [2624] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ.മാർക്ക് ഭവനനിർമ്മാണത്തിന് 5 ലക്ഷം രൂപ വായ്പ നൽകുന്ന പദ്ധതിപ്രകാരം തുക അനുവദിച്ചുതുടങ്ങിയോ;

(ബി) അതിനുള്ള പലിശയും കടം അടച്ചുതീർക്കാനുള്ള കാലപരിധിയും വ്യക്തമാക്കാമോ;

(സി) പദ്ധതി ആരംഭിച്ചില്ലെങ്കിൽ ഉടനെ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എം. എൽ. എ.മാർക്ക് ഭവനനിർമ്മാണത്തിന് 5 ലക്ഷം രൂപ വായ്പ നൽകുന്ന പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് ഭവനനിർമ്മാണ ബോർഡ് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly